പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4423** — **22-07-2015- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി റോഡ് ഷോ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ : | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മുബൈയിൽ റോഡ് ഷോ നടത്തുകയുണ്ടായിട്ടുണ്ടോ ; | (എ) | നടത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്നാണ് നടത്തിയത് ; | (ബി) | 2014 ജനുവരി മാസം 16-ാം തീയതി. |
| (സി) | എന്തിനുവേണ്ടിയാണ് ഇത് നടത്തിയത് ; | (സി) | വിഴിഞ്ഞം പദ്ധതിയ്ക്കുവേണ്ടി പങ്കാളിയെ കണ്ടെത്തുന്നതിന് ആഗോളതലത്തിൽ ഡിസംബർ 2013 ൽ പുറപ്പെടുവിച്ച ടെണ്ടർ വിജ്ഞാപന പ്രകാരം പരമാവധി കമ്പനികളെ അതിൽ പങ്കെടുപ്പിക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് റോഡ് ഷോ നടത്തിയിട്ടുള്ളത്. |
| (ഡി) | ആരെല്ലാമാണ് സംസ്ഥാന ഗവൺമെന്റിനെ പ്രതിനിധീകരിച്ച് പ്രസ്തുത പരിപാടിയിൽ പങ്കെടുത്തത്; | (ഡി) | തുറമുഖ വകുപ്പ് മന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, പ്ലാനിംഗ് ബോർഡ് മെമ്പർ, തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വിഴിഞ്ഞം തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം തുറമുഖ കമ്പനിയിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. |
| (ഇ) | ഗവൺമെന്റ് പ്രതിനിധികളെ കൂടാതെ ആരെല്ലാം പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി ; | (ഇ) | ക്ഷണിതാക്കളായ എമ്പസികളിലെ ഉദ്യോഗസ്ഥർ, ടെണ്ടറിൽ പങ്കെടുക്കുവാൻ സാധ്യതയുള്ള വിവിധ കമ്പനികളുടെ |

പ്രതിനിധികൾ എന്നിവർക്കു പുറമേ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ പ്രിൻസിപ്പൽ അഡ്വൈസർ (ഇൻഫ്രാസ്ട്രക്ച്ചർ), പദ്ധതിയുടെ ട്രാൻസാക്ഷൻ & ഫിനാൻഷ്യൽ അഡ്വൈസറായ Ernst & Young, Technical Advisor ആയ AECOM, Legal Advisor ആയ Hemant Sahai Associates എന്നിവരുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു.

| | | | |
|---|---|---|---|
| (എഫ്) | ഇതിന്റെ സംഘാടന രീതി എങ്ങനെയായിരുന്നു ; | (എഫ്) | പ്രസ്തുത പരിപാടിയിൽ പദ്ധതിയെ പറ്റിയുള്ള വിശദമായ അവതരണം ക്ഷണിതാക്കൾക്ക് പദ്ധതിയുടെ കൺസൾട്ടന്റ് നടത്തുകയും അതിനെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾക്ക് മറുപടി സർക്കാർ പ്രതിനിധികളും കമ്പനിയുടെ ഉപദേശകരും നൽകുകയും ചെയ്തു. |
| (ജി) | പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി എത്ര തുക ചെലവഴിക്കുകയുണ്ടായി ; വിശദമാക്കാമോ ? | (ജി) | 5.07 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ